പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5765 — 09.07.2012ൽ മറുപടിയ്ക്ക്

## സ്വാശ്രയ കോളേജുകൾ ചട്ടങ്ങൾ പാലിക്കുന്നതിൽ വരുത്തുന്ന വീഴ്ച

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകൾ സർക്കാർ ഉത്തരവുകളും യൂണിവേഴ്സിറ്റി ചട്ടങ്ങളും, മാനദണ്ഡങ്ങളും പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാംനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ; | (എ) കേരള സർവ്വകലാശാലയുടെ കീഴിലുള്ള ചില സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ സംബന്ധിച്ചും ഫീസ് സംബന്ധിച്ചും മാനദണ്ഡങ്ങൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കോളേജുകളുടെ അഫിലിയേഷൻ പിൻവലിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) 2011-12 സാമ്പത്തിക വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയവരിൽ നിന്നും സർക്കാർ ഉത്തരവിന് വിരുദ്ധ മായി കൂടുതൽ ഫീസ് ഈടാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് പ്രസ്തുത വിദ്യാർത്ഥികളിൽ നിന്നും കൂടുതലായി ഈടാക്കിയത്; ഇപ്രകാരം കൂടുതലായി ഈടാക്കിയ ഫീസ് തിരിച്ചു നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) തിരുവനന്തപുരം, നരുവാമൂടുള്ള ട്രിനിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 2011-12 അദ്ധ്യയന വർഷം മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ നിന്നും അമിത ഫീസ് ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സർവ്വകലാശാല ഇതിൻമേൽ അന്വേഷണം നടത്തുകയും അമിത ഫീസ് ഇനത്തിൽ വാങ്ങിയ 10,500 രൂപ വിദ്യാർത്ഥികൾക്ക് മടക്കി നൽകിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ 2011-12 അദ്ധ്യയനവർഷം അനുമതി നല്കിയതിനേക്കാൾ കൂടുതൽ കുട്ടികളെ പ്രവേശിപ്പിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ആലപ്പുഴ, പുന്നപ്രയിലെ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് 2011-12 അദ്ധ്യയന വർഷം 20 വിദ്യാർത്ഥികളെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവേശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കരകുളത്തെ പി.എ.അസീസ് എഞ്ചിനീയറിംഗ് കോളേജിനെതിരെയും കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്. |
| (ഡി) | ചില മാനേജ്മെന്റുകൾ സർക്കാരിന്റെ അനുമതിയില്ലാതെ അധിക ബാച്ചിൽ പ്രവേശനം നല്കി വൻതുക നേടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണത തടയാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും, ചട്ടലംഘനം 2012-13 അദ്ധ്യയനവർഷം ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ? | (ഡി) | പുന്നപ്രയിലെ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവേശിപ്പിച്ച വിദ്യാർത്ഥികളെ പഠനം തുടരാൻ അനുവദിക്കരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാളിന്റേയും മാനേജ്മെന്റിന്റേയും വിശദീകരണം തേടിയിട്ടുണ്ട്. കരകുളത്തെ പി.എ.അസീസ് എഞ്ചിനീയറിംഗ് കോളേജിന്റെ 2012-13 അദ്ധ്യയന വർഷത്തെ അഫിലിയേഷൻ റദ്ദാക്കാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിരുന്നെങ്കിലും ബഹുമാനപ്പെട്ട ചാൻസിലറുടെ ഉത്തരവിൻ പ്രകാരം പ്രസ്തുത നടപടി സ്റ്റേ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ